# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1982 | 15/7/2016 -ൽ മറുപടിക്ക്

## മൂവാറ്റുപുഴ കോർമലയിലെ വാട്ടർ ടാങ്കിന്റെ അപകടാവസ്ഥ

### ചോദ്യം

ശ്രീ. എൽദോ എബ്രഹാം

(എ) മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർക്കുന്നം വില്ലേജിലെ കോർമലയിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്കിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാട്ടർ ടാങ്കിന്റെ ഗുരുതരമായ അപകടാവസ്ഥ കണക്കിലെടുത്ത് ടാങ്കിന്റെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ഉണ്ട്.

(ബി) 27/6/2015-ൽ മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർകുന്നം വില്ലേജിലെ കോർമലയിൽ ഉദ്ദേശം 100 മീറ്ററോളം നീളത്തിൽ വലിയ മൺതിട്ട ഇടിഞ്ഞുവീണ് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. മണ്ണിടിച്ചിൽ ഉണ്ടായ ഭാഗം വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്.ടാങ്കിന്റെ സംരക്ഷണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ നടത്തിയ പഠനത്തിൽ മണ്ണിടിച്ചിൽ ഉണ്ടായതിന്റെ കാരണം ഒരു സ്വകാര്യ വ്യക്തി തന്റെ ഭൂമിയിലുള്ള മണ്ണ് ഏകദേശം 20 മീറ്റർ കിഴ്ക്കാംതൂക്കായി എടുത്തുമാറ്റിയതിനാലാണ്. അതിനാൽ വർഷകാലത്ത് വാട്ടർ ടാങ്ക് നിറച്ച് വിതരണം ചെയ്യരുതെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തെക്കുറിച്ച് കോട്ടയത്തുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തിയ പഠനത്തിലും ടാങ്ക് പൂർണ്ണമായി ജലം നിറച്ച് വിതരണം ചെയ്യരുതെന്ന് നിർദ്ദേശിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ

വർഷകാലത്ത് ഈ ടാങ്കിൽ സംഭരിക്കാതെയാണ് ശുദ്ധജല വിതരണം നടത്തിവരുന്നത്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റൊരു നിർദ്ദേശം ഇപ്പോൾ ഇടിഞ്ഞു കിടക്കുന്ന മണ്ണ് ഇനിയും ഇടിയാതിരിക്കുവാൻ അതിന്റെ അടി ഭാഗത്തിന് സംരക്ഷണം കൊടുക്കണം എന്നായിരുന്നു. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടേത് ആയതുകൊണ്ട് സംരക്ഷണ പ്രവൃത്തി നടപടികൾ നടത്തിയിട്ടില്ല. ആപത്ത് സംഭവിക്കാതിരിക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/